## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം * 226 — 14.02.2013 ൽ മറുപടിക്ക്

### ഫാസ്റ്റ് ട്രാക്ക് സംവിധാനങ്ങൾ വഴി പുതിയ ടൂറിസം പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ. എ. റ്റി. ജോർജ്<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. പി.എ. മാധവൻ | | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ പുതിയ ടൂറിസം പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | എ | പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ദീർഘവീക്ഷണത്തോടെ ടൂറിസം പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ വേണ്ടി 30 വർഷം മുന്നിൽകണ്ട് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി വരുന്നു. ആലപ്പുഴ, വയനാട്, മൂന്നാർ എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങൾക്കായി മാസ്റ്റർ പ്ലാനുകൾ നിലവിൽ വന്നു കഴിഞ്ഞു. കോവളം, തേക്കടി, കുമരകം, ഫോർട്ടുകൊച്ചി പ്രദേശങ്ങൾക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. കോട്ടയം ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനത്തിനായി ' ഗ്രീൻ സർക്യൂട്ട് ' എന്ന വിശദമായ ടൂറിസം വികസന റിപ്പോർട്ട് തയ്യാറാക്കിയിട്ടുമുണ്ട്.<br>സംസ്ഥാനത്തിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമായ പദ്ധതികൾ വിഭാവനം ചെയ്യുന്നതിനായി ടൂറിസം വകുപ്പ് അഖിലേന്ത്യാടിസ്ഥാനത്തിൽ ആർക്കിടെക്റ്റുകളുടെയും, ടൂറിസം കൺസൽട്ടന്റുമാരുടേയും ഒരു പാനലിന് രൂപം നൽകിയിട്ടുണ്ട്. ഇവർ തയ്യാറാക്കുന്ന പദ്ധതികൾ ടൂറിസം വകുപ്പ് നേരിട്ടും, വിവിധ വകുപ്പുകളുടെ സഹായ ത്തോടെയും, ഡി.റ്റി.പി.സി., ഡി.എം.സി. എന്നിവ വഴിയും നടപ്പിലാക്കുവരുന്നു. ഇതോടൊപ്പം KITCO, SIDCO, നിർമ്മിതി കേന്ദ്ര, ഫോറസ്റ്റ്, ഇറിഗേഷൻ, പോലീസ് വകുപ്പുകളുടെ കൺസ്ട്രക്ഷൻ ഏജൻസികൾ അടക്കം പൊതുമേഖലയിലും സ്വകാര്യ മേഖലയിലും ഉള്ള വിദഗ്ധരുടെ സേവനവും ടൂറിസം മേഖലയുടെ വികസനത്തിന് ഉപയോഗിച്ച് വരുന്നു. |
| ബി പ്രസ്തുത രംഗത്ത് ആവിഷ്കരിക്കുന്ന പദ്ധതികൾ ഫാസ്റ്റ് ട്രാക്ക് അടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം; | ബി | വിനോദ സഞ്ചാര മേഖലയിൽ 10 കോടി രൂപയ്ക്ക് മുകളിലുള്ള നിക്ഷേപ പദ്ധതികൾക്ക് പെട്ടെന്ന് അനുമതി നൽകുന്നതിനായാണ് ഫാസ്റ്റ് ട്രാക്ക് സംവിധാനം ഏർപ്പെടുത്തുന്നതിന് ടൂറിസം നയത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ വിശദാംശങ്ങൾ തയ്യാറാക്കി വരുന്നു. |
| സി ഫാസ്റ്റ് ട്രാക്ക് അടിസ്ഥാനത്തിൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | സി & ഡി | വിദേശ, സ്വദേശ വ്യവസായികളുടെ നിക്ഷേപമാണ് വകുപ്പ് ലക്ഷ്യമിടുന്നത്. എമർജിങ് കേരളയിലൂടെ സീപ്ലെയിൻ പദ്ധതി പോലുള്ള ഉത്തമ നിക്ഷേപങ്ങളും ലഭിക്കുന്നുണ്ട്. |
| ഡി പ്രസ്തുത പദ്ധതിക്കുള്ള ധനസമാഹരണം എങ്ങനെ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | | |

സെക്ഷൻ ഓഫീസർ